**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 154** **01-07-2026-ൽ മറുപടിയ്ക്ക്**

**വ്യോമയാന മേഖലയുടെ വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തെ വ്യോമയാന മേഖലയുടെ സമഗ്ര വികസനത്തിനായി പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

**മറുപടി:** സംസ്ഥാനത്തിന്റെ വർധിച്ചുവരുന്ന വ്യോമയാന ആവശ്യകത, കയറ്റുമതി-ലോജിസ്റ്റിക്സ് വിനോദ സഞ്ചാര മേഖലകളിലെ സാധ്യതകൾ എന്നിവ കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തെ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളെയും കേന്ദ്രീകരിച്ച് കേരളത്തെ ഏഷ്യയിലെ പ്രധാന ഏവിയേഷൻ-ലോജിസ്റ്റിക്സ് ഹബ്ബായി വികസിപ്പിക്കുന്നതിനുള്ള വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിമാന അറ്റകുറ്റപ്പണി-പരിപാലന മേഖലയെ ശക്തിപ്പെടുത്തും, സിമുലേറ്റർ അധിഷ്ഠിത പൈലറ്റ് പരിശീലന കേന്ദ്രങ്ങൾ, DGCA മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള വിമാന പരിപാലന എഞ്ചിനീയറിംഗ് പരിശീലന-നൈപുണ്യ വികസന സംവിധാനങ്ങൾ എന്നിവയും വിമാനത്താവള കേന്ദ്രീകൃത സാമ്പത്തിക മേഖലകളുടെ രൂപീകരണത്തിനും സാമ്പത്തിക വളർച്ചയ്ക്കും പ്രാധാന്യം നൽകി വിവരസാങ്കേതികവിദ്യ- വിവരസാങ്കേതിക സേവന മേഖലകൾ (IT/ITES), ഗ്ലോബൽ കേപബിലിറ്റി സെന്ററുകൾ (GCC), ഹോസ്പിറ്റാലിറ്റി, വ്യോമയാന അനുബന്ധ വ്യാപാര-സേവന മേഖലകൾ എന്നിവ ഉൾക്കൊള്ളുന്ന എയ്റോപാർക്ക്, എയ്റോസിറ്റി പദ്ധതികളും നടപ്പിലാക്കും. ഇതുമായി ബന്ധപ്പെട്ട് ഒരു വ്യോമയാന നയം പ്രഖ്യാപിക്കും. കാർഷിക, മത്സ്യ, ഫാർമ മേഖലകളിലെ കയറ്റുമതി ശക്തിപ്പെടുത്തുന്നതിനായി സംയോജിത പാക്ക്ഹൗസ് (Pack House) സൗകര്യവും ഫാർമ-കാർഗോ സൗകര്യങ്ങളും

വികസിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. ലോജിസ്റ്റിക്സ് പാർക്കുകൾ, ഫ്രീ ട്രേഡ് വെയർഹൗസ് സോണുകൾ എന്നിവ ഉൾപ്പെടുന്ന അനുബന്ധ വികസന പദ്ധതികളും ആവിഷ്കരിക്കും. കൊച്ചിൻ എയർപോർട്ടിനോട് അനുബന്ധമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗ്ലോബൽ കൺവെൻഷൻ സെന്റർ ആരംഭിക്കുന്നതാണ്.

**(ബി)** ദക്ഷിണേന്ത്യയിലെ ഏവിയേഷൻ ഹബ്ബായി സംസ്ഥാനത്തെ മാറ്റത്തക്കവിധത്തിലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ശബരിമല ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

**<u>മറുപടി:</u>** ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്ന് 2023 ഏപ്രിൽ 13-ന് സൈറ്റ് ക്ലിയറൻസും, 20 മെയ് 2024-ന് സുരക്ഷാ അനുമതിയും, കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിൽ നിന്ന് 2023 ജൂൺ 30-ന് ഡിഫൻസ് ക്ലിയറൻസും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് ആവശ്യമായ 1001.873 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 26.04.2025-ന് LARR Act 2013 ലെ 11(1) വകുപ്പ് പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു.

കൂടാതെ, പദ്ധതിയുടെ തത്ത്വത്തിലുള്ള അംഗീകാരത്തിനായുള്ള (ഇൻ-പ്രിൻസിപ്പിൾ) അപേക്ഷ DPR സഹിതം കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അനുവദിച്ച നിബന്ധനകൾക്കനുസൃതമായി തയ്യാറാക്കിയ Terms of Reference അനുസരിച്ചുണ്ടാക്കിയ Environmental Impact Assessment ന്റെയും Environment Management Plan ന്റെയും അടിസ്ഥാനത്തിൽ പാരിസ്ഥിതിക അനുമതിക്ക് (Environmental Clearance) വേണ്ടിയുള്ള പബ്ലിക് ഹിയറിങ് 17.02.2026 ന നടന്നു. പാരിസ്ഥിതിക അനുമതി നേടാനുള്ള EIA റിപ്പോർട്ട് 07.03.2026-ന് സമർപ്പിക്കുകയും ചെയ്തു.

ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിനു ഒരു പുതിയ സ്പെഷ്യൽ തഹസിൽദാർ ഉൾപ്പടെ 24 തസ്തികകൾ ഉള്ള ഒരു എൽ. എ (ലാൻഡ് അക്വിസിഷൻ) യൂണിറ്റ് ഒരു വർഷത്തേക്ക് രൂപീകരിക്കുന്നതിനു ഉത്തരവ് പുറപ്പെടുവിച്ചു.

**(ഡി)** കണക്ടിവിറ്റിയും പ്രകൃതിദുരന്ത വേളകളിലെ ഉപയോഗവും കണക്കിലെടുത്ത് ചെറു വിമാനങ്ങളുടെയും ഹെലികോപ്റ്ററുകളുടെയും പ്രവർത്തനം സാധ്യമാക്കുംവിധം ഹൈറേഞ്ച് പ്രദേശങ്ങളിൽ ഹെലിപാഡുകൾ, എയർ സ്ട്രിപ്പുകൾ, അഡ്വാൻസ്ഡ് ലാൻഡിംഗ് ഗ്രൗണ്ടുകൾ എന്നിവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ വ്യോമയാന കണക്ടിവിറ്റിയും പ്രകൃതിദുരന്ത വേളകളിലെ അടിയന്തര ഗതാഗത ആവശ്യങ്ങളും പരിഗണിച്ച് ചെറു വിമാനങ്ങളുടെയും ഹെലികോപ്റ്ററുകളുടെയും പ്രവർത്തനം സാധ്യമാക്കുന്നതിനായി ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി പഠനം നടത്തിവരുന്നു. ഇതിനായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KRDCL) പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും തുടർന്ന് ടെൻഡർ നടപടികളിലൂടെ RITES–KIIFCON സംയുക്ത സംരംഭത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം ത്വരിതപ്പെടുത്തുന്ന തിനായി സ്പെഷ്യൽ അസ്സിസ്റ്റൻഡ് ടു സ്റ്റേറ്റ്സ് ഫോർ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് (SASCI) ഫണ്ട് ഉപയോഗിച്ച് വയനാട് ജില്ലായിൽ 5 ഹെലിപാഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**സെക്ഷൻ ഓഫീസർ**